# SSLC MODEL EXAMINATION, MARCH – 2021
# SOCIAL SCIENCE – ANSWER KEY

**Time : $2^1/_2$ Hours** **Maximum Score : 80**

(a) മുതൽ (l)വരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വിതം 12x1=12

1.
(a) ചൗരിചൗരാ സംഭവം
(b) ഗ്രീഷ്മം
(c) മാനവ വിഭവം
(d) ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം
(e) അഖിലേന്ത്യാ സർവീസ്
(f) ദേശീയ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ
(g) ഫ്രഞ്ച് വിപ്ലവം
(h) ഗോദാവരി
(i) ഭക്ഷ്യസുരക്ഷാവകുപ്പ്
(j) സിവാലിക്
(k) അഗസ്ത് കോംതെ
(l) നിരീക്ഷണം

2 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വിതം

2.
- യു.ജി.സി രൂപീകരിക്കണം
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുക
- സ്ത്രീവിദ്യാഭ്യാസത്തിന് പ്രാധാന്യം

3.
- ഉപോഷ്ണ ഉച്ചമർദമേഖലകളിൽ നിന്നും മധ്യരേഖാന്യൂനമർദമേഖലയിലേക്ക് വീശുന്ന കാറ്റുകളാണ് വാണിജ്യവാതങ്ങൾ.
- വടക്കുകിഴക്ക് ദിശയിൽ നിന്ന് വീശുന്നതിനാൽ ഇവയെ വടക്കുകിഴക്കൻ വാണിജ്യവാതങ്ങൾ എന്ന് വിളിക്കുന്നു.
- ഇരു അർധഗോളങ്ങളിൽനിന്നും വീശുന്ന വാണിജ്യവാതങ്ങൾ സംഗമിക്കുന്ന മധ്യരേഖാന്യൂനമർദമേഖല ഇന്റർട്രോപ്പിക്കൽ കൺവർജൻസ് സോൺ (ITCZ) അഥവാ 'അന്തർ ഉഷ്ണമേഖലാ സംക്രമണ മേഖല' എന്നുമറിയപ്പെടുന്നു.

4.
- *രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയ പരിപാടികളും വികസന പദ്ധതികളും നടപ്പാക്കുന്നതിന് ഭൗതീക സാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതിനെ പൊതുഭരണം എന്ന് പറയുന്നു.*
- ഗവൺമെന്റ് സ്ഥാപനങ്ങളെല്ലാം പൊതുഭരണ സംവിധാനത്തിന്റെ ഭാഗമാണ്.
- ജനക്ഷേമം മുൻനിർത്തിയാണ് അവ പ്രവർത്തിക്കുന്നത്.

- രാജഭരണകാലത്ത് രാജാവിൻെറ താൽപര്യങ്ങളായിരുന്നു പൊതുഭരണത്തിന്റെ അടിസ്ഥാനം
- ജനാധിപത്യവ്യവസ്ഥയിൽ ജനങ്ങളുടെ താൽപര്യങ്ങളാണ് പ്രധാനം

**5.**

- ✔ തൊഴിൽ ദിനങ്ങളുടെ എണ്ണം വർധിക്കുന്നതുകൊണ്ടും കാര്യക്ഷമത വർധിക്കുന്നതുകൊണ്ടും ഉൽപാദനം കൂടുന്നു
- ✔ പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും
- ✔ ചികിത്സാച്ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തികച്ചെലവ് കുറയ്ക്കാനും കഴിയും
- ✔ ഉത്പാദനവർദ്ധനവിലൂടെ സാമ്പത്തികവികസനം സാധ്യമാകും (Any 3)

**6.**

■ *ജവഹർലാൽ നെഹ്റു*

- സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്
- വംശീയവാദത്തോടുള്ള വിദ്വേഷം
- ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം
- സമാധാനപരമായ സഹവർത്തിത്വം
- പഞ്ചശീലതത്വങ്ങൾ
- വിദേശ സഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ
- ചേരിചേരായ്മ (Any 2)

**7.**

- ◆ ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ ഭരണരംഗത്തെ ഉപയോഗമാണ് ഇ-ഗവേണൻസ്.

ഉദാ:

- ഹയർ സെക്കണ്ടറി പ്രവേശനത്തിനുള്ള ഏകജാലക അപേക്ഷ
- വിവിധ സ്കോളർഷിപ്പുകൾക്കായുള്ള ഓൺലൈൻ അപേക്ഷ

**8.**

<u>ഗുണപരമായ ഘടകങ്ങൾ</u>

- വിദ്യാഭ്യാസം
- ആരോഗ്യപരിപാലനം
- പരിശീലനങ്ങൾ
- സാമൂഹികമൂലധനം

| വിദ്യാഭ്യാസം | ആരോഗ്യപരിപാലനം |
|---|---|
| ➢ വിദ്യാഭ്യാസം വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു.<br>➢ സാങ്കേതികവിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് ലഭിക്കുന്നു.<br>➢ മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു. | ✗ തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതുകൊണ്ടും കാര്യക്ഷമത വർദ്ധിക്കുന്നതുകൊണ്ടും ഉൽപ്പാദനം കൂട്ടും<br>✗ പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും |

| | |
|---|---|
| ➢ ജീവിത നിലവാരം ഉയരുന്നു. | ✗ ചികിത്സാച്ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തികച്ചെലവ് കുറയ്ക്കാനും കഴിയും |

9.

- ഭൂപ്രദേശങ്ങളുടെ ഭൗതികവും സാസ്കാരികവുമായ സവിശേഷതകൾ വിശകലനം ചെയ്യുന്നതിന്
- സൈനീകപ്രവർത്തനങ്ങൾക്കും സൈനീകഭൂപടങ്ങളുടെ നിർമാണത്തിനും.
- സാമ്പത്തിക ആസൂത്രണത്തിന്റെ ഭാഗമായി ഒരു പ്രദേശത്തിന്റെ പ്രകൃതിദത്തവും മനുഷ്യനിർമിതവുമായ വിവരങ്ങൾ കണ്ടെത്തി പഠിക്കുന്നതിന്.
- നഗരാസൂത്രണ പ്രവർത്തനങ്ങൾക്ക് (Any 3)

10.

- അഖിലേന്ത്യാസർവീസ്
- കേന്ദ്രസർവീസ്
- സംസ്ഥാന സർവീസ്

11. ഖാരിഫ് , റാബി, സൈദ്.

12.

- സാർവത്രിക വിദ്യാഭ്യാസം ഹയർസെക്കൻഡറി വരെ ഉറപ്പുവരുത്തുക
- തുല്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുക
- തൊഴിലധിഷ്ഠിതവിദ്യാഭ്യാസം പരിപോഷിപ്പിക്കുക
- S C E R T/D I E T തുടങ്ങിയ അധ്യാപക പരിശീലന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക (Any 3)

13.

➢ ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു.
➢ കേന്ദ്ര ഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു.
➢ ഉദാഹരണം:
*ഇന്ത്യൻ ഫോറിൻ സർവീസ്
*ഇന്ത്യൻ റെയിൽവേ സർവീസ്

14. ഇംഗ്ലണ്ട്,ഫ്രാൻസ്,ചൈന.

15.

- സാമ്പത്തിക അന്തരം കുറയ്ക്കാം
- പ്രകൃതിവിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം
- മെച്ചപ്പെട്ട സാങ്കേതികവിദ്യകളുടെ വികസനവും ഉപയോഗവും സാധ്യമാക്കാം
- സാമൂഹിക ക്ഷേമം ഉറപ്പുവരുത്താം
- സംരംഭകത്വം മെച്ചപ്പെടുത്താം

- തൊഴിലാളികളുടെ ഉൽപാദനക്ഷമത വർധിപ്പിക്കാം (Any 3)

16.

- സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ടതില്ല
- വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം
- സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു
- ഓഫീസിന്റെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു (Any 3)

17.

- വിദ്യാഭ്യാസം വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു.
- സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് ലഭിക്കുന്നു.
- മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു.
- ജീവിത നിലവാരം ഉയരുന്നു.

18.

- കർഷകരുടെ ദുരിതങ്ങൾ
- രാജാക്കന്മാരുടെ പ്രശ്നങ്ങൾ
- കരകൗശലത്തൊഴിലാളികളുടെ ദാരിദ്ര്യം
- ശിപായിമാരുടെ ദുരിതങ്ങൾ (Any 3)

19.

- ബ്രിട്ടീഷ് ഭരണത്തിന്റെ സാമ്പത്തിക ചൂഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കി
- ബ്രിട്ടീഷ് ഭരണത്തിനെതിരെ പ്രതിഷേധിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു
- ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന സ്വാതന്ത്ര്യസമര പോരാട്ടങ്ങളെക്കുറിച്ച് ജനങ്ങൾക്ക് വിവരം നൽകി
- ഇന്ത്യയിലെ സാമൂഹിക പരിഷ്കരണങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി (Any 3)

20.

- കൃഷി ആവശ്യങ്ങൾക്ക്.
- വ്യവസായ ആവശ്യങ്ങൾക്ക്.
- വീട് നിർമ്മിക്കാൻ.
- വാഹനങ്ങൾ വാങ്ങാൻ.
- വീട്ടുപകരണങ്ങൾ വാങ്ങാൻ. (Any 3)

21.

- വിഷയാധിഷ്ഠിത പഠനങ്ങൾ നടത്തുന്നതിന്
- പലവിവരങ്ങളിൽ നിന്നുള്ള വിവരങ്ങൾ സംയോജിപ്പിക്കുന്നതിന്
- ഭൂപടങ്ങൾ , പട്ടികകൾ , ഗ്രാഫുകൾ എന്നിവ നിർമ്മിക്കുന്നതിന്

- വിവരങ്ങൾ എളുപ്പത്തിൽ നവീകരിക്കാനും കൂട്ടിച്ചേർക്കാനും
- ഭൂതലസവിശേഷതകളെ സ്ഥാനീയമായി പ്രദർശിപ്പിക്കുന്നതിന് (Any 3)

22.

- 'രാമകൃഷ്ണമിഷൻ' എന്ന പ്രസ്ഥാനം രൂപീകരിച്ചു.
- ജാതിവ്യവസ്ഥ,അനാചാരങ്ങൾ എന്നിവയെ എതിർത്തു.
- സ്വാതന്ത്ര്യം,സമത്വം,സ്വതന്ത്രചിന്ത എന്നിവ പ്രോത്സാഹിപ്പിച്ചു.

23.

- സെൻട്രൽ ജി.എസ്.ടി (CGST)
- സ്റ്റേറ്റ് ജി.എസ്.ടി (SGST)
- ഇന്റഗ്രേറ്റഡ് ജി.എസ്.ടി (IGST)

24.

- സഞ്ചാരസ്വാതന്ത്ര്യത്തിനായി കേരളത്തിൽ നടന്ന ഒരു പ്രധാന പ്രക്ഷോഭം(1924 ).
- ടി.കെ.മാധവന്റെ നേതൃത്വത്തിൽ നടന്നു.
- ഈ സമരത്തിന് അനുഭാവം പ്രകടിപ്പിച്ച് മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ 'സവർണജാഥ' സംഘടിപ്പിച്ചു.
- ഈ സമരത്തെത്തുടർന്ന് വൈക്കം ക്ഷേത്രത്തിന് ചുറ്റുമുള്ള പൊതുനിരത്തിലൂടെ യാത്ര ചെയ്യാൻ അവർണജാതിക്കാർക്ക് അനുവാദം ലഭിച്ചു.

25.

- ■ *രഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നിർവഹിക്കേണ്ട ചുമതലകൾ*

  ഉദാ:-
- ആരോഗ്യ സംരക്ഷണം നൽകുക
- ക്ഷേമപദ്ധതികൾ നടപ്പാക്കുക
- വിദ്യാഭ്യാസ സൗകര്യം ഒരുക്കുക

<u>26 മുതൽ 38 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം</u>

26.

*<u>ഒന്നാം എസ്റ്റേറ്റ്</u>*

- ✗ പുരോഹിതന്മാർ
- ✗ എല്ലാത്തരം നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു
- ✗ ഭരണത്തിലും സൈന്യത്തിലും ഉയർന്ന പദവി
- ✗ കർഷകരിൽ നിന്നും നികുതി (തിഥേ ) പിരിച്ചിരുന്നു

*രണ്ടാം എസ്റ്റേറ്റ്*

- ✔ പ്രഭുക്കന്മാർ
- ✔ നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു
- ✔ ആഡംബര ജീവിതം നയിച്ചു
- ✔ കർഷകരിൽ നിന്നും നികുതികൽ പിരിച്ചിരുന്നു
- ✔ സൈനിക സേവനം നടത്തി

*മൂന്നാം എസ്റ്റേറ്റ്*

- ✔ മധ്യവർഗക്കാർ ,കർഷകർ ,കൈത്തൊഴിലുകാർ
- ✔ ജനങ്ങൾ 'തൈലേ' എന്ന നികുതി സർക്കാരിന് നൽകേണ്ടിയിരുന്നു
- ✔ ഭരണത്തിൽ ഒരവകാശവും ഉണ്ടായിരുന്നില്ല
- ✔ താഴ്ന്ന സാമൂഹികപദവി ആയിരുന്നു
- ✔ പുരോഹിതന്മാർക്കും പ്രഭുക്കന്മാർക്കും നികുതി നൽകണം

**27.**

- പൂജ്യം ഡിഗ്രി രേഖാംശരേഖ ഗ്രീനിച്ച് രേഖ എന്നറിയപ്പെടുന്നു.
- ഗ്രീനിച്ച് രേഖയിലെ പ്രാദേശികസമയത്തെ ഗ്രീനിച്ച് സമയം എന്നു പറയുന്നു.
- ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം നിർണയിക്കുന്നത്.
- ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കി ഒരുമണിക്കൂർ വീതം സമയവ്യത്യാസമുള്ള 24 സമയമേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു.
- ഇവ സമയമേഖലകൾ എന്നറിയപ്പെടുന്നു.

**28.**

ശ്രേണീപരമായ സംഘാടനം:

- ഏറ്റവും ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെ തലങ്ങളിൽ കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന രീതി.

സ്ഥിരത:

- ഉദ്യോഗസ്ഥർക്ക് ഒരു നിശ്ചിത പ്രായം വരെ സേവനകാലാവധി ഉണ്ടായിരിക്കും.

യോഗ്യത അടിസ്ഥാനമാക്കിയുള്ള നിയമനം:

- വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനമാക്കി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നു

രാഷ്ട്രീയ നിഷ്പക്ഷത:

- ഉദ്യോഗസ്ഥർ കക്ഷിരാഷ്ട്രീയത്തിന് അതീതമായി പ്രവർത്തിക്കണം.അവർ നിഷ്പക്ഷമായി പ്രവർത്തിക്കണം

വൈദഗ്ധ്യം :

- ഉദ്യോഗസ്ഥർ അവർ നിർവഹിക്കേണ്ടുന്ന തൊഴിലിൽ വൈദഗ്ധ്യം ഉള്ളവരായിരിക്കും.

29.

| A | B |
|---|---|
| തുണിമിൽ സമരം | അഹമ്മദാബാദ് |
| ഖിലാഫത്ത് പ്രസ്ഥാനം | മൗലാനാ മുഹമ്മദലി |
| ലാഹോർ സമ്മേളനം | പൂർണ സ്വരാജ് |
| ഇന്ത്യൻ നാഷണൽ ആർമി | സുഭാഷ്ചന്ദ്രബോസ് |

30.

- ഏറ്റവും ഉയരം കൂടിയ നിര.
- ശരാശരി ഉയരം 6000 മീറ്റർ
- ഗംഗ, യമുന നദികളുടെ ഉത്ഭവം
- കാഞ്ചൻ ജംഗ, നന്ദാദേവി എന്നീ കൊടുമുടികൾ

31.

- ഉപദ്വീപിയ പീഠഭൂമിയിലെ മലനിരകളിൽ നിന്നുത്ഭവിക്കുന്നു
- താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം
- അപരദനതീവ്രത താരതമ്യേന കുറവ്
- കാഠിന്യമേറിയ ശില കളിലൂടെ ഒഴുകുന്നതിനാൽ അഗാധ താഴ്വരകൾ സൃഷ്ടിക്കപ്പെടുന്നില്ല
- കുറഞ്ഞ ജലസേചനശേഷി
- ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത താരതമ്യേന കുറവ് (Any 4)

32.

| ദിനം | സൂര്യന്റെ ആപേക്ഷിക സ്ഥാനം | ദിവസത്തിന്റെ പ്രത്യേകത |
|---|---|---|
| മാർച്ച് 21 | ഭൂമധ്യരേഖ | (a) വിഷുവം (സമരാത്രദിനം) |
| (b)ജൂൺ 21 | ഉത്തരായനരേഖ | ഗ്രിഷ്മ അയനാന്ത ദിനം |
| സെപ്റ്റംബർ 23 | (c) ഭൂമധ്യരേഖ | വിഷുവം (സമരാത്രദിനം ) |
| ഡിസംബർ 22 | ദക്ഷിണായനരേഖ | d) ശൈത്യ അയനാന്ത ദിനം |

33.

ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്

✗ ജോർജിയ ഒഴികയുള്ള കോളനികളുടെ പ്രതിനിധികൾ 1774 ൽ ഫിലാഡൽഫിയയിൽ ചേർന്നു.ഇത് ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് എന്നറിയപ്പെടുന്നു.

- ✗ വ്യവസായങ്ങൾക്കും വ്യാപാരത്തിനും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ നീക്കണമെന്നും തങ്ങളുടെ അംഗീകാരമില്ലാതെ നികുതി ചുമത്തരുതെന്നും ആവശ്യപ്പെട്ട് ഇവർ ഇംഗ്ലണ്ടിലെ രാജാവിന് നിവേദനം നൽകി
- ✗ എന്നാൽ രാജാവ് സൈന്യത്തെ അയച്ചത് ഇംഗ്ലണ്ടും കോളനികളും തമ്മിലുള്ള യുദ്ധത്തിന് കാരണമായി.

<u>രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ്</u>

- ✗ കോളനികളുടെ പ്രതിനിധികൾ 1775 ൽ ഫിലാഡൽഫിയയിൽ ചേർന്നു.ഇത് രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ് എന്നറിയപ്പെടുന്നു.
- ✗ രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ് ജോർജ് വാഷിങ്ടനെ കോണ്ടിനെന്റൽ സൈന്യത്തിന്റെ തലവനായി തിരഞ്ഞെടുത്തു.

34.

- പുരാതന കാലം മുതൽ തന്നെ വടക്കുപടിഞ്ഞാറു നിന്നുള്ള വൈദേശിക ആക്രമണങ്ങളിൽ നിന്ന് ഒരു പരിധിവരെ നമ്മെ സംരക്ഷിച്ചുപോരുന്നു.
- മൺസൂൺ കാറ്റുകളെ തടഞ്ഞു നിർത്തി ഉത്തരേന്ത്യയിൽ ഉടനീളം മഴ പെയ്യിക്കുന്നു.
- ശൈത്യകാലത്ത് വടക്കുനിന്നു വീശുന്ന വരണ്ട ശീതക്കാറ്റിനെ ഇന്ത്യയിലേക്ക് കടക്കാതെ ചെറുക്കുന്നു.
- വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ ഉടലെടുക്കുന്നതിന് കാരണമായി.
- നദികളുടെ ഉത്ഭവ പ്രദേശമാണിത്.

35.

- മൗലാനാ മുഹമ്മദലി ,മൗലാനാ ഷൗക്കത്തലി എന്നിവർ ഇന്ത്യയിലെ ഖിലാഫത്ത് നേതാക്കൾ
- ഖിലാഫത്ത് പ്രസ്ഥാനത്തെ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തോട് ചേർത്ത് നിർത്തിയതിലൂടെ സ്വാതന്ത്ര്യസമരത്തിൽ മുസ്‌ലിങ്ങളുടെ സജീവസാന്നിധ്യം ഉറപ്പാക്കാൻ ഗാന്ധിജിക്ക് കഴിഞ്ഞു.
- ഹിന്ദു-മുസ്‌ലിം ഐക്യം ശക്തിപ്പെട്ടു.
- ബ്രിട്ടീഷ് വിരുദ്ധ വികാരം ഇന്ത്യയുടെ മുക്കിലും മൂലയിലും എത്തി.

36.

- ◆ <u>*വ്യക്തികൾ*</u> സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു
- ◆ <u>*കുടുംബം*</u> വ്യക്തികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു
- ◆ <u>*വിവിധ സ്ഥാപനങ്ങളും ഏജൻസികളും*</u> പഠനം , പരിശീലനം എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു
- ◆ <u>*രാഷ്ട്രം*</u> ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു

37.

- ◆ കേന്ദ്ര മന്ത്രിസഭയിൽ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതല സർദാർ വല്ലഭ് ഭായി പട്ടേലിനായിരുന്നു
- ◆ അദ്ദേഹം സ്റ്റേറ്റ് ഡിപ്പാർട്മെന്റിന്റെ സെക്രട്ടറിയായി മലയാളിയായ വി .പി. മേനോനെ നിയമിച്ചു
- ◆ ഇവർ രണ്ടുപേരും കൂടിച്ചേർന്നു ഒരു ലയനക്കരാർ തയ്യാറാക്കി
- ◆ അതനുസരിച്ച് വിദേശകാര്യം, വാർത്താവിനിമയം, പ്രതിരോധം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറണം

- ജനകീയപ്രതിഷേധങ്ങളും ഗവണ്മെന്റിന്റെ പ്രായോഗികസമീപനവുംമൂലം ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പ് വച്ചു
- എന്നാൽ ഹൈദരാബാദ്, കാശ്മീർ ,ജുനഗഡ് എന്നീ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ചു
- അനുരഞ്ജനത്തിലൂടെയും സൈനികനടപടികളിലൂടെയും ഇവയെ പിന്നീട് ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു

38. Map

39 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് 6 സ്കോർ വീതം

39.

ദുരിതപൂർണ്ണമായ ജനജീവിതം

- റഷ്യഭരിച്ചിരുന്ന സാർ ചക്രവർത്തിമാരുടെ ഏകാധിപത്യത്തിൻ കീഴിൽ കർഷകരും ഫാക്ടറിത്തൊഴിലാളികളും ദുരിതപൂർണ്ണമായ ജീവിതമാണ് നയിച്ചത്
- കാർഷികമേഖലയിലെ കുറഞ്ഞ ഉൽപാദനം കർഷകരുടെ വരുമാനത്തെ ബാധിച്ചു
- ഭൂരഹിതരായ കർഷകർ നികുതി ഭാരം വഹിക്കേണ്ടിവന്നു

ഭരണാധികാരികളുടെ സ്വേഛാധിപത്യങ്ങൾ

- ഏകാധിപത്യഭരണമാണ് നിലനിന്നിരുന്നത്
- ഭരണാധികാരികൾ ധൂർത്തന്മാരായിരുന്നു
- ആഡംബരവും ധൂർത്തും നിറഞ്ഞ ജീവിതമാണ് നയിച്ചിരുന്നത് .

മാർക്സിസ്റ്റ് ആശയങ്ങളുടെ സ്വാധീനം

- കാൾമാർക്സും ഏംഗൽസും ആവിഷ്കരിച്ച മാർക്സിസ്റ്റ് ആശയങ്ങൾ തൊഴിലാളികൾക്ക് ആവേശം പകർന്നു.
- തൊഴിലാളികൾ സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി രൂപീകരിക്കുകയും തൊഴിലാളികളുടെ പ്രശ്ന പരിഹാരത്തിനായി സമരങ്ങൾ തുടങ്ങുകയും ചെയ്തു.

ബോൾഷെവിക് പാർട്ടിയുടെ രൂപീകരണം

- സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി പിന്നീട് മെൻഷെവിക്കുകൾ(ന്യൂനപക്ഷം)എന്നും ബോൾ ഷെവിക്കുകൾ(ഭൂരിപക്ഷം) എന്നും രണ്ടായി പിരിഞ്ഞു
- ലെനിൻ,ട്രോട്സ്കി എന്നിവർ ബോൾഷെവിക്ക് പാർട്ടിക്ക് നേതൃത്വം നൽകി
- അലക്സാണ്ടർ കെരൻസ്കി മെൻഷെവിക്കുകൾക്ക് നേതൃത്വം നൽകി

40.

| പടിഞ്ഞാറൻ തീരസമതലം | കിഴക്കൻ തീരസമതലം |
|---|---|
| • അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ<br>• റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ<br>• ഗുജറാത്ത് തീരസമതലം കൊങ്കൺ തീരസമതലം മലബാർ തീരസമതലം എന്നിങ്ങനെ തിരിക്കാം<br>• കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു | • ബംഗാൾ ഉൾക്കടലിനും പൂർവ്വഘട്ടത്തിനുമിടയിൽ<br>• സുന്ദരവനപ്രദേശം മുതൽ കന്യാകുമാരി വരെ<br>• വീതി താരതമ്യേന കൂടുതൽ<br>• കോറമാൻഡൽ തീരസമതലം വടക്കൻ സിർക്കാർസ് തീരസമതലം എന്നിങ്ങനെ തിരിക്കാം<br>• ഡെൽറ്റ രൂപീകരണം നടക്കുന്നു |

41.

- അവധിലെ കർഷകർ നികുതി നൽകാൻ വിസമ്മതിച്ചു
- തൊഴിലാളികൾ പണിമുടക്കി
- വക്കീലന്മാർ കോടതിയിൽ പോകാൻ വിസമ്മതിച്ചു
- വിദ്യാർത്ഥികൾ ബ്രിട്ടീഷ് സർക്കാരിൻെറ സ്കൂളുകളും കോളേജുകളും ഉപേക്ഷിച്ചു
- സ്ത്രീകൾ അടക്കമുള്ള ജനങ്ങൾ വിദേശ വസ്ത്രങ്ങൾ പൊതുനിരത്തുകളിൽ കൂട്ടിയിട്ട് കത്തിച്ചു
- ഉത്തർപ്രദേശിലെ കർഷകർ കോളനി ഉദ്യോഗസ്ഥരുടെ ചുമടുകൾ എടുക്കാൻ വിസമ്മതിച്ചു
- വടക്കൻ ആന്ധ്രയിലെ  ഗിരിവർഗക്കാർ വനനിയമം ലംഘിച്ച് വനത്തിനുള്ളിൽ പ്രവേശിക്കുകയും ഉത്പന്നങ്ങൾ ശേഖരിക്കുകയും ചെയ്തു

42.

<u>അന്താരാഷ്ട്രദിനാങ്കരേഖ</u>

- ✔ 180° രേഖാംശരേഖയാണ് അന്താരാഷ്ട്രദിനാങ്കരേഖ
- ✔ ഈ രേഖയുടെ ഇരുവശങ്ങളും തമ്മിൽ 24 മണിക്കൂറിന്റെ (ഒരു ദിവസം ) സമയവ്യത്യാസം ഉണ്ട്
- ✔ അതിനാൽ ഈ രേഖ സമുദ്രത്തിലൂടെ പോകുന്നതായി ക്രമീകരിച്ചിരിക്കുന്നു
- ✔ ഈ രേഖ മുറിച്ച് കടന്ന് പടിഞ്ഞാറോട്ട് പോകുന്ന സഞ്ചാരികൾ കലണ്ടറിൽ ഒരു ദിവസം കൂട്ടിയും കിഴക്കോട്ട് പോകുന്നവർ ഒരു ദിവസം കുറച്ചും സമയം കണക്കാക്കുന്നു.

<u>ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം</u>

- ◆ ഒരു രാജ്യത്തിന്റെ മാനകരേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ മാനകസമയം (സ്റ്റാൻഡേർഡ് സമയം )
- ◆ പൂർവരേഖാംശം 68 ഡിഗ്രി മുതൽ 97 ഡിഗ്രിവരെയാണ് ഇന്ത്യയുടെ രേഖാംശീയവ്യാപ്തി
- ◆ ഇവയുടെ ഏകദേശം മധ്യത്തായി സ്ഥിതി ചെയ്യുന്ന  82 $^1/_2$ ഡിഗ്രി പൂർവരേഖാംശത്തെയാണ് ഇന്ത്യയുടെ മാനകരേഖാംശമായി കണക്കാക്കുന്നത്
- ◆ ഈ രേഖാംശത്തിലെ പ്രാദേശിക സമയമാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം

**Prepared by**

**Colin Jose.E HST(SS)**
**Dr.AMMR Govt.HSS,Kattela**
**Thiruvananthapuram**

**Biju.m HST(SS)**
**GHS Parappa**
**Kasargod**